കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.8/2488/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി :29-11-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് .(സെക്രട്ടറി മുഖേന)

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരുമ്പടപ്പ് ബ്ലോക്ക്പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ചട്ടം 22,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,(ജനറൽ),മലപ്പുറം
3)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,(പെർഫോമൻസ്ഓഡിറ്റ്),മലപ്പുറം

3)കാര്യാലയ പകർപ്പ്

എം.എ.12/17

നം. കെ.എസ്.എ.എം.പി.എം . 8/2488/2017 തിയ്യതി: 29-11-2017

## മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06-03-2017 മുതൽ 16-11-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. വി.കെ.ഷാജി , സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :17-11-2017 മുതൽ 23-11-2017 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ബേബി പി വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ആലസ്സൻ കുട്ടി യു | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി എം ആറ്റുണ്ണി തങ്ങൾ | 01-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. ഹഫ്സാ ബീവി | 01.04.2016 മുതൽ 29.07.2016 വരെ |
| ശ്രീമതി. ഉഷാ ദേവി (സെക്രട്ടറി ഇൻ ചാർജ്) | 30.07.2016 മുതൽ 07.08.2016 വരെ |
| ശ്രീ.ജോസ് കെ വി | 08.08.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എക്സി.എഞ്ചിനിയർ | ശ്രീ. വാസു ടി പി | 01.04.2016 മുതൽ 31.03.2017 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ. ശ്രീജ സി വി | 01.04.2016 മുതൽ 23.06.2016 വരെ |
| | ശ്രീമതി. സിനി ടി ഡി | 24.06.2016 മുതൽ 31.03.2017 വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ. ചന്ദ്രൻ കെ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. നിഷാന്ത് എം എൻ | 01.04.2016 മുതൽ 01.05.2016 വരെ |
| | ഡോ.ഇർഷാദ് റഹ്മാൻ കെ | 01.05.2016 മുതൽ 24.10.2016 വരെ |
| | ഡോ.സുനിൽ ലാൽ കാഞ്ഞീരത്തിങ്കൽ | 24.10.2016 മുതൽ 31.03.2017 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ) | ശ്രീമതി.സിന്ധു ആർ | 01.04.2016 മുതൽ 18.01.2017 വരെ |
| | ശ്രീമതി. രമ ഒ പി | 19.01.2017 മുതൽ 20.02.2017 വരെ |
| | ശ്രീമതി.സിന്ധു ആർ | 21.02.2017 മുതൽ 31.03.2017 വരെ |
| ക്ഷീര വികസന ഓഫീസർ (ഡി.ഇ.ഒ) | ശ്രീമതി. റീന വി ജെ | 01.04.2016 മുതൽ 12.05.2016 വരെ |
| | ശ്രീമതി. ബിന്ദുജ കെ എസ് | 13.05.2016 മുതൽ 31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ (ഐ.ഇ.ഒ) | ശ്രീ.മുഹമ്മദ് ഫവാസ് | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | ബാങ്ക് അക്കൗണ്ടിളിൽ നിന്നുളള പണം പിൻവലിക്കലുകൾ യഥാസമയം അക്കൌണ്ട് ചെയ്യുന്നില്ല | 2-1 | |
| 13 | ബാങ്ക് അക്കൗണ്ടിളിൽ നിന്നുളള പണം പിൻവലിക്കലുകൾ യഥാസമയം അക്കൌണ്ട് ചെയ്യുന്നില്ല | 2-2 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 14 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. | 3-1 | |
| 15 | സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി വാഹന ഇൻഷ്വറൻസ് അടവാക്കി. | 3-2 | |
| 16 | അംഗീകൃത കോൾകർഷക സംഘങ്ങൾക്ക് പെട്ടി,പറ അനുബന്ധ ഘടകങ്ങൾ നൽകൽ - അപാകത. | 3-3 | |
| 17 | ഐ.എ.വൈ ഭവന പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ല | 3-4 | |
| 18 | പ്രധാൻമന്ത്രി ആവാസ് യോജന(ഗ്രാമീൺ) PAMY-G പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-5 | |
| 19 | വിഷയം- സ്പെക്ട്രം സ്പെഷൽ സ്കൂൾ വാഹനം ഓടാത്ത ദിവസങ്ങളിൽ ദിവസകൂലി അനുവദിച്ചത് സംബന്ധിച്ച് | 3-6 | |
| 20 | സ്പെക്ട്രം സ്പെഷൽ സ്കൂൾ മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാക്കിയില്ല | 3-7 | |
| 21 | വാങ്ങിയ ഫിസിയോതെറാപ്പി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കിയില്ല | 3-8 | |
| 22 | സി എച്ച് സി- മരുന്ന് ലഭ്യമാക്കിയില്ല | 3-9 | |
| 23 | SC വികലാംഗർക്ക് മുച്ചക്ര വാഹനം - അപാകത | 3-10 | |
| 24 | തിയ്യത്ത് കുന്നത്ത് കോളനിയിൽ ചുറ്റുമതിൽ - അപാകത | 3-11 | |
| 25 | ONV സ്മാരക കോൺഫറൻസ് ഹാൾ നവീകരണം - | 3-12 | |

| | | | |
|---|---|---|---|
| | അപാകത | | |
| 26 | ആലാപ്പുറം പട്ടിശ്ശേരി വെമ്പുഴ സംയുക്ത കോൾ പടവ് പമ്പ് ഹൗസ് നിർമ്മാണം - ഗുണഭോക്തൃ വിഹിതം തിരിച്ച നൽകുന്നത്- | 3-13 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 27 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 28 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 37 | Audit Certificate | 2 | |
| 38 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 39 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 40 | ബാലൻസ് ഷീറ്റ് | 5 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 27-02-2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 02-06-2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച്സർട്ടിഫിക്കറ്റ്നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 18-11-2017 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

1) പഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

2) ബാലൻസ് ഷീറ്റ് B-9ഷെഡ്യൂൾ പ്രകാരം വാറ്റ് ഇനത്തിൽ 400 രൂപയും, unutilised Grants of prior period ഇനത്തിൽ 64,063 രൂപയും തിരിച്ച് അടവാക്കിയിട്ടില്ല.

3) ബാലൻസ്ഷീറ്റിലെ ഷെഡ്യൂൾ ബി-1 പ്രകാരം 2015-16 ലെ ക്ലോസിംഗ് ബാലൻസ് 2016-17 ലേക്ക് ക്യാരി ഫോർവേഡ് ചെയ്തപ്പോൾ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | 2015-16 നീക്കിയരിപ്പ് | 2016-17മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|
| പഞ്ചയാത്ത് ഫണ്ട് – ജനറൽ ഫണ്ട് | 1,40,28,646 | 1,37,34,264 | 294382 |
| Excess of income over Expenditure | (1,15,66,018) | (1,15,66,018) | 0 |
| Total Panchayat Fund | 2462628 | 2003581 | 459047 |

4) ബാലൻസ് ഷീറ്റിൽ ബി- 1 ഷെഡ്യൂളിൽ Excess of Income over Expenditure എന്ന ഹെഡിൽ (1,15,66,018) നെഗറ്റീവ് തുക വന്നത് ക്രമപ്രകാരമല്ല.

5) അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിനു മുമ്പ് ആർജ്ജിച്ച സ്ഥാവര ജംഗമ ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

6) വാർഷിക ധനകാര്യപത്രിക ബി -18 ഷെഡ്യൂളിൽ 25,000 രൂപ Temporary Advance തുക ക്രമീകരിച്ചിട്ടില്ല.

7) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8) 2015-16 വാർഷിക ധനകാര്യപത്രികയിലെ B-11(a) ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള 78,52,025 രൂപ തന്നെയാണ് 2016-17 വാർഷിക ധനകാര്യപത്രികയിലും കാണിച്ചിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് ആസ്തിയായി ക്രമീകരിച്ചിട്ടില്ല.

9) ബാലൻസ് ഷീറ്റിലെ B 18 ഷെഡ്യൂളിൽ Permanent Advance(imprest) ഉൾപ്പെടുത്തിയിട്ടില്ല.

10) വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

11) സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

12) ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. സ്റ്റോക്കിന്റെ മൂല്യം ബാക്കി പത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

13) ബാലൻസ് ഷീറ്റ് B-4ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതം 1,42,771 രൂപയുണ്ട്. ആയത് ജേർണൽ നൽകി റവന്യൂ എക്സ്പെൻഡീച്ചർ ആക്കി മാറ്റാതെ ബാധ്യതയാക്കി നിലനിറുത്തിയിട്ടുണ്ട്.

14) ബ്ലോക്ക് പഞ്ചായത്തിന്റെ എം ജി എൻ ആർ ഇ ജി എസ് അക്കൗണ്ട് - വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

15) വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയിട്ടില്ല.

16) മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,88,37,259 |
| വരവ് | 8,75,47,094 |
| ആകെ | 11,63,84,353 |
| ചെലവ് | 8,24,11,598 |
| നീക്കിയിരുപ്പ് | 3,39,72,755 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | നീക്കി ബാക്കി (RP 40 b) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 19400430 | 19400430 | 18733712 | 666718 | 0 | 97 % |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6941799 | 6941799 | 6941799 | 0 | 0 | 100 % |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 6723 | 6723 | 6723 | | 0 | 100 % |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3021657 | 3021657 | 3121657 | 0 | 0 | 100 % |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 | 0 |
| പെർഫോർമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 47 | 29370609 | 44 | 28703891 | 2 | 1 | 98 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 9% കൂടിയിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 1,02,930 | 1,20,535 | 17,605 | 17 |
| മറ്റുവരവുകൾ (ജനറൽ പർപ്പസ് ഫണ്ട്) | 30,00,000 | 32,64,040 | 2,64,040 | 9 |
| ആകെ | 31,02,930 | 33,84,575 | 2,81,645 | 9 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,600/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1 മാസ്റ്റർ ഇംക്യൂംബൻസി രജിസ്റ്റർ അപൂർണമാണ്

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്,തസ്തിക, ഓഫീസിലെത്തിയ തിയ്യതി, കാലയളവ്, റിട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യൂംബൻസി (കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങളും കൂടി ഉൾപ്പെടുത്തി) രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ ഇൻക്യൂംബൻസി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

2 സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ജനറൽ പർപ്പസ് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ആയതിനോട് കൂടെ സാംഖ്യ പെയ്മെന്റ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.

3 മെഡിക്കൽ ഓഫീസർ ടി ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.05.2017 മുതൽ 05.06.2017 വരെ | 01.04.2016 മുതൽ 30.04.2017 വരെ | 24.07.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24-06-2017 മുതൽ 30-06-2017 വരെ | 2012-13 മുതൽ 2016-17 വരെ | 26.08.2017 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബാങ്ക് അക്കൗണ്ടിളിൽ നിന്നുളള പണം പിൻവലിക്കലുകൾ യഥാസമയം അക്കൌണ്ട് ചെയ്യുന്നില്ല

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൌണ്ട് ചെയ്യണമെന്നിരിക്കെ സ്പെഷ്യൽ ട്രഷറി സേവിംഗ് ബാങ്ക് അക്കൌണ്ടിൽ നിന്ന് പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്തുന്നില്ല.

1. അക്കൗണ്ട് നമ്പർ.715041400000001,STSB , സെക്രട്ടറി, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

| ക്രമ നമ്പർ | ചെക്ക് നമ്പർ/ തിയ്യതി (സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം) | തുക | ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച തിയ്യതി (ചെക്ക് ക്ലിയർ ചെയ്ത തിയ്യതി) | സാംഖ്യ സോഫ്റ്റ്വെയറിൽ അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | സാംഖ്യ സോഫ്റ്റ്വെയറിൽ അക്കൌണ്ട് ചെയ്ത തിയ്യതി (ബാങ്ക് ബുക്ക്) |
|---|---|---|---|---|---|
| 1 | 2105826/ 20.04.2017 | 15,000 | 26.04.2017 | 26.04.2017 | 28.04.2017 |
| 2 | 2105831/ 18.05.2017 | 23,680 | 18.05.2017 | 18.05.2017 | 20.05.2017 |
| 3 | 2105833/ 18.05.2017 | 33,755 | 27.05.2017 | 27.05.2017 | 01.06.2017 |
| 4 | 2105834/ 01.06.2017 | 1,91,721 | 01.06.2017 | 01.06.2017 | 05.06.2017 |
| 5 | 2105837/ 01.07.2017 | 1,91,702 | 01.07.2017 | 01.07.2017 | 03.07.2017 |
| 6 | 2105839/ 13.07.2017 | 20,909 | 13.07.2017 | 13.07.2017 | 15.07.2017 |
| 7 | 2105853/ 19.09.2017 | 49,852 | 20.09.2017 | 20.09.2017 | 22.09.2017 |
| 8 | 2105856/ 03.10.2017 | 2,44,556 | 03.10.2017 | 03.10.2017 | 04.10.2017 |
| 9 | 2105857/ 14.11.2017 | 11,620 | 21.10.2017 | 21.10.2017 | 14.11.2017 |
| 10 | 2105862/ 28.10.2017 | 35,667 | 28.10.2017 | 28.10.2017 | 30.10.2017 |
| 11 | 2105863/ 31.10.2017 | 19,773 | 31.10.2017 | 31.10.2017 | 01.11.2017 |

2. അക്കൗണ്ട് നമ്പർ.1424101057985, കനറാ ബാങ്ക്, പെരുമ്പടപ്പ് ഐ.എ.വൈ LSGI അക്കൗണ്ട്

| ക്രമ നമ്പർ | ചെക്ക് നമ്പർ/ തിയ്യതി (സെക്യൂരിറ്റി രജിസ്റ്റർ പ്രകാരം) | തുക | ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച തിയ്യതി (ചെക്ക് ക്ലിയർ ചെയ്ത തിയ്യതി) | സാംഖ്യ സോഫ്റ്റ്‌വെയറിൽ അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | സാംഖ്യ സോഫ്റ്റ്‌വെയറിൽ അക്കൌണ്ട് ചെയ്ത തിയ്യതി (ബാങ്ക് ബുക്ക്) |
|---|---|---|---|---|---|
| 1 | 300281/ 20.04.2017 | 14,12,000 | 20.04.2017 | 20.04.2017 | 21.04.2017 |
| 2 | 300283/ 27.04.2017 | 5,14,000 | 29.04.2017 | 29.04.2017 | 29.04.2017 |
| 3 | 300288/ 05.06.2017 | 9,17,000 | 01.06.2017 | 01.06.2017 | 05.06.2017 |
| 4 | 300959/ 26.09.2017 | 1,250 | 26.09.2017 | 26.09.2017 | 06.11.2017 |

വരവ്-ചെലവുകൾ യഥാസമയം അക്കൌണ്ട് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/22.11.2017) മറുപടിയിൽ പ്രധാനമായും ചൂണ്ടികാണിച്ചത് സാംഖ്യ സോഫ്റ്റ്‌വെയറിന്റെ തകരാർ,അക്കൗണ്ടന്റിന്റെ ആകസ്മാകവധി,മറ്റ് ജോലി തിരക്കുകൾ എന്നീ കാരണങ്ങളാണ്. പഞ്ചായത്തിന്റെ അക്കൗണ്ടുകളുടെ പ്രധാന ചുമതലക്കാരനായ ഹെഡ് അക്കൗണ്ടിന്റെ ഭാഗത്ത് നിന്ന് ഇത്തരത്തിലുള്ള വീഴ്ച വന്നത് അംഗീകരിക്കാവുന്നതല്ല. സാംഖ്യ സോഫ്റ്റ്‌വെയറിന്റെ തകരാര് എന്താണെന്ന് ചൂണ്ടികാണിച്ചിട്ടില്ല, അക്കൗണ്ടന്റ് ആകസ്മാകാവധിയിൽ പ്രവേശിക്കുമ്പോൾ അന്നേ ദിവസങ്ങളിലെ ഇടപാടുകൾ അക്കൗണ്ടിൽ രേഖപ്പെടുത്താതെ മാറ്റി വെക്കുന്നത് ക്രമപ്രകാരമല്ല, ബദൽ സംവിധാനം കണ്ടെത്തേണ്ടതാണ്, മറ്റ് ജോലി തിരക്ക് എന്ന മറുപടി അംഗീകരിക്കുന്നില്ല. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 2-2 ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിൽക്കുന്നു. ബ്ലോക്ക്പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം | പ്രവൃത്തി | ടെണ്ടർ സമർപ്പിച്ചത് | ടെണ്ടർ ഫോമിന്റെ വില |
|---|---|---|---|

| | | | |
|---|---|---|---|
| | | | (ടെണ്ടർ നോട്ടീസ് പ്രകാരം) |
| 28/17 | CHC ഫാർമസി നവീകരണം,അനുബന്ധ സൗകര്യംമെച്ചപ്പെടുത്തലും<br>290000(Retender) | ബാബുരാജ്.E | 650 |
| 30/17 | ബ്ലോക്ക് കോമ്പൗണ്ട് നവീകരണം<br>1000000 | കുമാരൻ. പി | 2100 |
| | | മൂസകുട്ടി.എ.വി | 2100 |
| 31/17 | ഒ.എൻ.വി.സ്മാരക കോൺഫറൻസ് ഹാൾ നവീകരണം430000 | ദാവൂദ് ചാക്കീരി | 950 |
| | | ഉണ്ണികൃഷ്ണൻ.ഇ | 950 |
| 32/17 | സ്പെക്ട്രം സ്കൂൾ നവീകരണം<br>149000(Retender) | അഷ്റഫ്.പി.പി | 550 |
| 42/17 | ആലാപ്പുറാം പട്ടിശ്ശേരി വെമ്പുഴ സംയുക്ത കോൾപടവ് നിർമ്മാണം<br>1032900 | അനിൽകുമാർ.പി.കെ | 2650 |
| | | നന്ദകുമാർ.U.V | 2650 |
| 43/17 | വിവധ SC കോളനികളിൽ സോക്ക് പിറ്റ് നിർമ്മാണം<br>676800(Retender) | വിജയൻ.M.K | 1500 |
| 45/17 | തിയ്യത്ത് SC കോളനി ചുറ്റുമതിൽ നിർമ്മാണം<br>1300000 | കുമാരൻ. പി | 2650 |
| | | ഗോപിനാഥൻ.V.P | 2650 |
| | | കർണ്ണൻ.M.V | 2650 |
| | | അനീഷ്.A.V | 2650 |
| | | ബാബു കളത്തിൽ | 2650 |
| 51/17 | കോക്കൂർ SC കോളനി കുടിവെള്ള പദ്ധതി<br>488806 | അലവികുട്ടി.K | 1050 |
| | | ദിലീഷ്.T.P | 1050 |
| | | റിജിൻ.A | 1050 |
| | | നന്ദകുമാർ.U.V | 1050 |
| 52/17 | വയോജനങ്ങൾക്ക് പകൽ | നന്ദകുമാർ.U.V | 1900 |

| | | | |
|---|---|---|---|
| | വീട്900000 | | |
| | | അനിൽകുമാർ.PK | 1900 |
| 54/17 | കല്ലൂർ GLPS ശുചിമുറി നിർമ്മാണം215892 | വിജയൻ.MK | 525 |
| | | അനിൽകുമാർ.PK | 525 |
| | | നന്ദകുമാർ.U.V | 525 |
| ആകെ | | | 31521 |

ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചതിന്റെ വിവരം ഈ റിപ്പോർട്ട് കിട്ടുന്ന മുറക്കോ, അതിനുമുമ്പോ ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ തുക പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.ന | പ്രോജക്ടിന്റെ പേര്, നമ്പർ | ബിൽ/ ചെക്ക് നം.,തിയതി, | തുക | തുക നൽകപ്പെട്ടിട്ടുള്ളത്. |
|---|---|---|---|---|
| 1 | നന്നംമുക്ക് ഗ്രാ.പ. മാലിന്യ പാഴ് വസ്തു നിർമ്മാർജന പദ്ധതിയ്ക്ക് ബ്ലോക്ക് വിഹിതം<br>soo90/17 | ബിൽ നം.25/2016-17 dtd.27.2.17. | 2,20,000/- | സെക്രട്ടറി നന്നംമുക്ക് ഗ്രാ.പഞ്ചായത്ത്. |
| 2 | പൈപ്പ് കംപോസ്റ്റ് പ്രോജക്ട്.<br>soo61/17. | ബിൽ നം.26/2016-17<br>dtd.27.2.17. | 1,50,000/- | സെക്രട്ടറി നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് |
| 3 | സാമൂഹ്യ സുരക്ഷ മിഷന് ബ്ലോക്ക് വിഹിതം<br>soo63/17 | ബിൽ നം. 41/2016-17. dtd.27.3.17.<br>200000/-<br>ബിൽ നം.24/2016-17<br>dtd.15.2.17.<br>100000/- | 3,00,000/- | എക്സി,ഡയറക്ടർ,സാമൂഹ്യ സുരക്ഷ മിഷൻ തിരുവനന്തപുരം. |

| | | | | |
|---|---|---|---|---|
| 4 | ഡി.പി.സി.കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം. soo57/17 | ബിൽ നം.23/2016-17 dtd.13.2.17. | 3,70,000/- | ജില്ലാ പ്ലാനിംഗ് ഓഫീസർ,മലപ്പുറം. |
| 5 | ഓണം വാരാഘോഷം നടത്തിപ്പ് ചെലവ് (ജി.പി.ഫണ്ട്) | ചെക്ക് നം.1146476. dtd.8.9.16. | 25,000/- | തഹസിൽദാർ, പൊന്നാനി താലൂക്ക് ഓഫീസ്. |
| | | ആകെ | 10,65,000 | |

ചെലവ് തുക10,77,000 തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-2 സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി വാഹന ഇൻഷ്വറൻസ് അടവാക്കി.

സർക്കാർ ഉത്തരവ് നമ്പർ 16/14 ഫിൻ. തിയതി. 21-02-14 പ്രകാരം യൂണിവേഴ്സിറ്റികൾ അടക്കമുള്ള സർക്കാർ സ്ഥാപനങ്ങൾ അവയുടെ ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2016-17 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക അടവാക്കിയിട്ടുള്ളത് ദി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ്. വിശദ വിവരം ചുവടെ

| ക്ര.ന | വാഹനം | ചെക്ക് നമ്പർ / തിയ്യതി | തുക |
|---|---|---|---|
| 1 | സ്പെക്ട്രം സ്പെഷ്യൽ സ്കൂൾ വാഹനം (KL-54 C-2018) | 1146477 09-09-2016 | 25392 |
| 2 | ബ്ലോക്ക് ഓഫീസ് ജീപ്പ് (KL-01-N-7550) | 1146481 17-10-2016 | 7261 |
| 3 | ബ്ലോക്ക് പ്രസിഡന്റിന്റെ വാഹനം (KL-54-D-5486) | 1146496 30-12-2016 | 11066 |
| | | ആകെ | 36458 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.11/22-11-17 ന് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഇൻഷ്വറൻസ് ഇടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് വഴി മാത്രം നടത്തേണ്ടതാണ്. സർക്കാരിൽ നിന്നും മറ്റൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നിലവിലെ സ്ഥിതി തുടരേണ്ടതാണ്.

## 3-3 അംഗീകൃത കോൾകർഷക സംഘങ്ങൾക്ക് പെട്ടി,പറ അനുബന്ധ ഘടകങ്ങൾ നൽകൽ - അപാകത.

നിർവ്വഹണം - അസി.ഡയറക്ടർ കൃഷി.

പ്രോജക്ട് നം. -s0055/17.

ട്രഷറി ബിൽ നം.3/2016-17 dtd.22.3.17. 1121000/-

ട്രഷറി ബിൽ നം.4/2016-17 dtd.23.3.17. 820000/-

പെട്ടി,പറ ,അനുബന്ധ ഘടകങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് 1941000/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മണ്ണാശ്ശേരിയിൽ ഫൗണ്ട്രി വൈക്കം എന്ന സ്ഥാപനത്തിൽ നിന്ന് 3 പെട്ടി,പറ, 50hp,20hp,10hp,5hp,2hp എന്നി മോട്ടോർ പമ്പ് സെറ്റുകൾ വാങ്ങി 11 പാടശേഖര സമിതികൾക്ക് നല്കിയിട്ടുണ്ട്.ജി.ഒ. (പി) 259/2010 തസ്വഭവ തി.8.11.2010 & Go(Rt) 2487/16 dtd.20.8.16 എന്നിവ പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. സംഘങ്ങൾ അംഗീകൃതവും രജിസ്റ്റർ ചെയ്തതുമായിരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും, പട്ടേരിതാഴം പാടശേഖര സമിതി മാത്രമാണ് രജിസ്റ്റർ ചെയ്തതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്

പഴംചിറ കോൾ കൃഷി പാടശേഖരം,കോലോത്തുംപാടം കോൾ പാടശേഖരം എന്നിവടങ്ങളിൽ സ്ഥല പരിശോധന നടത്തിയതിൽ പഴംചിറ പാടശേഖര സമിതിയിൽ 2HP മോട്ടോർ പമ്പ് സെറ്റ് ഇപ്പോഴും സ്ഥാപിച്ചിട്ടില്ല. പെട്ടി,പറ, അനുബന്ധ ഘടകങ്ങൾ സ്ഥാപിച്ചത് സംബന്ധിച്ച് മോണിട്ടറിംഗ് സമിതി റിപ്പോർട്ട്,നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല.മേൽ സാധനങ്ങൾ സ്ഥാപിച്ചതിന് 38475/- രൂപ (Errection charge) വില്പന നടത്തിയ സ്ഥാപനം ഈടാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തികൾ സ്ഥാപിച്ച് പ്രവർത്തനം തൃപ്തികരമായി നടക്കുന്നു എന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.മേൽ പരാമർശത്തിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക 1941000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം നൽകുന്നതിൽ വീഴ്ചയുണ്ടായാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും

## 3-4 ഐ.എ.വൈ ഭവന പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചില്ല

സ്വന്തമായി വീടില്ലാത്തതോ, വാസയോഗ്യമായ വീടില്ലാത്തതോ ആയ ഗ്രാമീണ ജനതക്ക് സമ്പൂർണ്ണ പാർപ്പിട സൗകര്യമൊരുക്കുകയെന്നതാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.എ.വൈ- ലക്ഷ്യമാക്കുന്നത്. എന്നാൽ മേൽ പദ്ധതിയുടെ കീഴിൽ ഭവന നിർമ്മാണത്തിന് തെരഞ്ഞെടുത്തിട്ടുള്ള ചില ഗുണഭോക്താക്കൾ ധന സഹായം കൈപ്പറ്റിയ ശേഷം നിർമ്മാണം പൂർത്തിയാക്കാത്തത് മൂലം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തുമായി കരാർ ചമച്ച് ഭാഗികമായി ധന സഹായം കൈപ്പറ്റി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

### 2008-09

| ക്ര ന | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | വിഭാഗം |
|---|---|---|---|
| 1. | ശ്രീമതി.അംബിക W/o കുഞ്ഞികണ്ണൻ | നന്നംമുക്ക് | ജനറൽ |

## 2010-11

| ക്ര ന | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | വിഭാഗം |
|---|---|---|---|
| 4 | ശ്രീമതി. ഹാജറുമ്മ W/o അലിയാരി | നന്നംമുക്ക് | ജനറൽ |
| 5 | ശ്രീമതി. രജിത W/o സുരേഷ് | നന്നംമുക്ക് | എസ്.സി |

## 2013-14

| ക്ര ന | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | വിഭാഗം |
|---|---|---|---|
| 1 | ശ്രീ.കുമാരൻ | പെരുമ്പടപ്പ് | ജനറൽ |
| 2 | ശ്രീമതി.കാളി W/o കുട്ടൻ | വെളിയങ്കോട് | എസ്.സി |
| 3 | ശ്രീമതി.ബീവ W/o മുഹമ്മദ് | വെളിയങ്കോട് | ജനറൽ |

## 2014-15

| ക്ര ന | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | വിഭാഗം |
|---|---|---|---|
| 1 | ശ്രീമതി. രഞ്ജിതW/o സുബ്രമണ്യൻ | ആലംകോട് | ജനറൽ |
| 2 | ശ്രീമതി.ബേബി W/o കേശവൻ | മാറാഞ്ചേരി | ജനറൽ |
| 3 | ശ്രീമതി.ലീല W/o പ്രകാശൻ | നന്നംമുക്ക് | 1എസ്.സി |
| 4 | ശ്രീമതി.സുബി W/o ബാലൻ | നന്നംമുക്ക് | 2എസ്.സി |
| 5 | ശ്രീമതി.കദീജ W/oമുഹമ്മദ് | പെരുമ്പടപ്പ് | ജനറൽ |
| 6 | ശ്രീമതി. ഷീജ W/o മാധവൻ | ആലംകോട് | 3എസ്.സി |

## 2015-16

| ക്ര | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് | വിഭാഗം |
|---|---|---|---|

| | | | |
|---|---|---|---|
| ന | | | |
| 1 | ശ്രീമതി. സഫിയ W/o അബ്ദുസലാം | നന്നംമുക്ക് | ജനറൽ |
| 2 | ശ്രീമതി.കദീജ W/o മുഹമ്മദ് | നന്നംമുക്ക് | ജനറൽ |
| 3 | ശ്രീമതി.ധന്യ W/o ദിലീപ് കുമാർ | ക്ര ന | ഗുണഭോക്താവിന്റെ പേര് |
| 4 | ശ്രീമതി.ജിഷ W/o വിനോദ് | 4 | ശ്രീമതി. ഹാജറുമ്മ W/o അലിയാരി |
| 5 | ശ്രീമതി. ബിന്ദു W/o മനോജ് | 5 | ശ്രീമതി. രജിത W/o സുരേഷ് |
| 6 | ശ്രീമതി.സുമതി W/o ചന്ദ്രൻ | 6.ആലങ്കോട് | ജനറൽ |
| 7 | ശ്രീമതി. ആരിഫ W/o ഷജീർ | 7.ആലങ്കോട് | ജനറൽ |
| 8 | ശ്രീമതി. ലളിത W/o അജിത | 17.ആലങ്കോട് | 4എസ്.സി |
| 9 | ശ്രീമതി. മീനാക്ഷി W/o അച്ചുതൻ | 26.ആലങ്കോട് | 5എസ്.സി |
| 10 | ശ്രീ.കോരൻ H/o കാളി | 30.ആലങ്കോട് | 6എസ്.സി |
| 11 | ശ്രീമതി. മണി H/o മിനി | 32.ആലങ്കോട് | 7എസ്.സി |
| 12 | ശ്രീമതി.ബിജിത W/o സുരേഷ് | 34.ആലങ്കോട് | 8എസ്.സി |

| | | | |
|---|---|---|---|
| 13 | ശ്രീമതി.ബേബി W/oവേലായുധൻ | 36.ആലങ്കോട് | 9എസ്.സി |
| 14 | ശ്രീമതി.സെമീന W/o സാബിത്ത് | 9പെരുമ്പടപ്പ് | ജനറൽ |
| 15 | ശ്രീമതി.സൗജ W/o അയ്യൂബ് | 11പെരുമ്പടപ്പ് | ജനറൽ |
| 16 | ശ്രീമതി. ഷാജിത W/oഅബൂബക്കർ | 6മാറാഞ്ചേരി | ജനറൽ |
| 17 | ശ്രീമതി.ജാനു W/o അപ്പുണ്ണി | 8മാറാഞ്ചേരി | ജനറൽ |
| 18 | ശ്രീമതി.ആബിദ W/oമൊയ്തുണ്ണി | 2വെളിയങ്കോട് | ജനറൽ |
| 19 | ശ്രീമതി.സുഹറ W/o ലത്തീഫ് | 3വെളിയങ്കോട് | ജനറൽ |

ഐ.എ.വൈ ഭവന രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മേൽ പട്ടിക പ്രകാരം നാളിതു വരെ ഭവന നിർമ്മാണം പൂർത്തികരിക്കാത്ത വീടുകൾ ഉണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ സമ്പൂർണ പാർപ്പിട സുരക്ഷ പദ്ധതിയുടെ(LIFE) ഒന്നാം ഘട്ടത്തിന്റെ ഭാഗമായി നാളിതു വരെ ഭവന നിർമാണം പൂർത്തീകരിക്കാത്ത വീടുകൾക്ക് മൊത്തം ധനസഹായം 4ലക്ഷമായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ടി ത്വരിത നടപടികൾ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മേൽ നോട്ടത്തിൽ നടത്തേണ്ടതാണ്. സ്വികരിച്ച നടപടിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 പ്രധാൻമന്ത്രി ആവാസ് യോജന(ഗ്രാമീൺ) PAMY-G പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചില്ല.

2016-17 വർഷത്തിൽ ജനറൽ, എസ്.സി,എസ്.ടി വിഭാഗങ്ങളിലായി 232 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുണ്ട്.എന്നാൽ 92 പേർ മാത്രമേ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ. 139 ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല. 17.11.2017 ലെ ഏറ്റവും പുതിയ വിവരം താഴെ ചേർക്കുന്നു.

| ക്രമ | പഞ്ചായത്ത് | 2016-17 പി എം എ വൈ പദ്ധതിയിൽ വീട് നിർമാണത്തിനായി ബ്ലോക് പഞ്ചായത്തുമായി കരാർ ചമച്ചവർ (ടാർഗറ്റ് 506) | | | | വീട് പണി പൂർത്തീകരിച്ചവ | | | | പണം തിരിച്ചടച്ചവരുടെ എണ്ണം | | | വീട് പണി പൂർത്തികരിക്കാത്തവരുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | എസ്.സി | ജനറൽ | | ആകെ | എസ്.സി | ജനറൽ | | ആകെ | എസ്.സി | ജനറൽ | ആകെ | എസ്.സി | ജനറൽ | | ആകെ |
| | | | മൈനോറിറ്റി | മറ്റുള്ളവർ | | | മൈനോറിറ്റി | മറ്റുള്ളവർ | | | | | | മൈനോറിറ്റി | മറ്റുള്ളവർ | |
| 1 | ആലംകോട് | 6 | 11 | 7 | 24 | 3 | 5 | 3 | 11 | | 1 | 1 | 3 | 6 | 3 | 12 |
| 2 | മാറാഞ്ചേരി | 2 | 14 | 23 | 39 | 1 | 10 | 8 | 19 | | | | 1 | 4 | 15 | 20 |
| 3 | നന്നമുക്ക് | 4 | 1 | 8 | 13 | 1 | 0 | 4 | 5 | | | | 3 | 1 | 4 | 8 |
| 4 | പെരുമ്പടപ്പ് | 6 | 62 | 16 | 84 | 0 | 22 | 12 | 34 | | | | 6 | 40 | 4 | 50 |
| 5 | വെളിയങ്കോട് | 6 | 42 | 24 | 72 | 0 | 13 | 10 | 23 | | | | 6 | 29 | 14 | 49 |
| | ആകെ | 24 | 130 | 78 | 232 | 5 | 50 | 37 | 92 | | 1 | 1 | 19 | 80 | 40 | 139 |

ഭവന നിർമ്മാണം വളരെ മന്ദ ഗതിയിലാണ് നടക്കുന്നതെന്ന് കാണുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-6** സ്പെക്ട്രം സ്പെഷൽ സ്കൂൾ വാഹനം ഓടാത്ത ദിവസങ്ങളിൽ ദിവസകൂലി അനുവദിച്ചത് സംബന്ധിച്ച്.

നിർവ്വഹണം.ശിശു വികസന പദ്ധതി ഓഫീസർ.

പ്രോജക്ട്. സ്പെക്ട്രം സ്പെഷൽ സ്കൂൾ തുടർ പ്രവർത്തനങ്ങൾ(S012/17)

സ്പെക്ട്രം സ്പെഷൽ സ്കൂൾ വാഹനത്തിന്റെ ലോഗ് ബുക്ക് (KL-54 C2018) പരിശോധിച്ചതിൽ വാഹനം ഓടാത്ത ദിവസങ്ങളിലും ഡ്രൈവർക്ക് ദിവസ വേതനം അനുവദിച്ചതായി കാണുന്നു. വിശദ വിവരം താഴെ.

| മാസം | ലോഗ് ബുക്ക്പ്രകാരം വാഹനം ഓടിയത് | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക, ബിൽ നമ്പർ | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ആഗസ്റ്റ് 2016 | 20 ദിവസം | 13000 (20X650) | 13650 2/16-17/ 21-10-16 | 650 |
| ഡിസംബർ 2016 | 15 ദിവസം | 9750 (15X650) | 10400 5/16-17/ 21-2-17 | 650 |
| ജനവരി- 2017 | 19 ദിവസം | 12350 (19X650) | 13000 6/16-17/2-3-17 | 650 |
| മാർച്ച്- 2017 | 22 ദിവസം | 14300 (22X650) | 14950 8/16-17 | 650 |
| | | | ആകെ | 2600 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.9/22-11-17 ന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ് .

## 3-7 സ്പെക്ട്രം സ്പെഷൽ സ്കൂൾ മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാക്കിയില്ല

ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണം നടത്തിയ സ്പെക്ട്രം സ്പെഷൽ സ്കൂൾ തുടർ പ്രവർത്തനങ്ങൾ(S012/17) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്പെക്ട്രം സ്പെഷൽ സ്കൂൾ വിദ്യാർത്ഥികൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ തുക നൽകിയിട്ടുണ്ടെങ്കിലും നാളിതവരെ മരുന്ന് ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ

| പ്രോജക്റ്റ് | ബിൽ നമ്പർ. | ചെലവഴിച്ച തുക | മരുന്ന് ലഭ്യമായത് | ഇനിയും ലഭിക്കാനുള്ളത് |
|---|---|---|---|---|
| സ്പെക്ട്രം സ്പെഷൽ സ്കൂൾ വിദ്യാർത്ഥികൾക്ക് മരുന്ന് വാങ്ങൽ | 10/2016-17 തിയതി. 03-03-2017 | 20000 | 0 | 20000 |
| | ആകെ | 20,000 | 0 | 20,000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.10/22-11-17 ന് മറുപടി നൽകിയിട്ടില്ല. ചെലവ് തുക 20,000രൂപ തടസ്സം ചെയ്യുന്നു. ഈ ഓഡിറ്റ് റിപ്പോർട്ട് കിട്ടുന്ന മുറക്കോ അതിനുമുമ്പോ അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. വീഴ്ചയുണ്ടായാൽ 20000/-രൂപയുടെ ചെലവ് നിരാകരിച്ച് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതായിരിക്കും.

## 3-8 ഫിസിയോതെറാപ്പി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കിയില്ല.

മെഡിക്കൽ ഒഫീസർ (CHC.)നിർവ്വഹണം നടത്തിയ സ്പെക്ട്രം സ്പെഷൽ സ്കൂൾ ഫിസിയോതെറാപ്പി യൂണിറ്റ് സജ്ജീകരിക്കൽ (പ്രോജക്റ്റ് നമ്പർ 37/17)പ്രകാരം 200000 രൂപ ചെലവഴിച്ച് (ബിൽ നമ്പർ-3/17 തിയതി.21-02-2017) കെൽട്രോണിൽ നിന്നും ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും നാളിതവരെ മുഴുവൻ ഉപകരണങ്ങളും ഇൻസ്റ്റാൾ ചെയ്യുകയോ സ്പ്ക്ട്രം സ്പെഷൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.2/20-11-17 ന് നൽകിയ മറുപടിയിൽ പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നതായി അറിയിച്ചു.എന്നാൽ സ്പ്ക്ട്രം സ്പെഷൽ സ്കൂളിൽ ഓഡിറ്റ് സംഘം നേരിട്ട് നടത്തിയ പരിശോധനയിൽ 30,000 രൂപ വിലയുള്ള ട്രെട്മിൽ മോട്ടോറൈസ്ഡ്,25,000 വിലയുള്ള ടൈലിംഗ് ടേബിൾ50,000 രൂപ വിലയുള്ള റാംമ്പി സ്റ്റെയർ തുടങ്ങിയ എല്ലാ ഉപകരണങ്ങളും ഇടുങ്ങിയ ഫിസിയോതെറാപ്പി റൂമിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.മിക്ക ഉപകരണങ്ങളും ഉപയോഗിച്ചതായി കാണുന്നില്ല.സ്പ്ക്ട്രം സ്പെഷൽ സ്കൂളിൽ ഒരു ഫിസിയോതെറാപ്പിസ്റ്റ് ദിവസ വേതനത്തിന് ജോലി ചെയ്യുന്നുണ്ട് എന്നിരിക്കെ വാങ്ങിയ ഉപകരണങ്ങൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഉപകരണങ്ങൾ ഉപയോഗ ശൂന്യമായി നിലകൊള്ളുന്നതിനാൽ മേൽ ഇനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-9 സി എച്ച് സി- മരുന്ന് ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (CHC) നിർവ്വഹണം നടത്തിയ വിവിധ മരുന്ന് വാങ്ങൽ പദ്ധതികൾ പ്രകാരം കാരുണ്യ ഹോസ്പിറ്റൽ കമ്മ്യൂണിറ്റി ഫാർമസിക്ക് തുക നൽകിയിട്ടുണ്ടെങ്കിലും നാളിതവരെ മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല. . വിശദ വിവരം ചുവടെ

| പ്രോജക്റ്റ് | ബിൽ നമ്പർ. | ചെലവഴിച്ച തുക | മരുന്ന് ലഭ്യമായത് | ഇനിയും ലഭിക്കാനുള്ളത് |
|---|---|---|---|---|
| CHCയിലേക്ക് മരുന്ന് വാങ്ങൽ (SOO22/2017) | 1/2016-17 തിയതി. 21-02-2017 | 200000 | 91728 | 108272 |
| പെയിൻ ആന്റ് പാലിയേറ്റീവ്-മരുന്ന് വാങ്ങൽ(SOO46/2017) | 2/2016-17 തിയതി. 21-02-2017 | 347450 | 176609 | 170841 |
| | ആകെ | 547450 | 268337 | 279113 |

ഈ വിഷയം ഉന്നയിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.1/20-11-17 ന് നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നതായി അറിയിച്ചു. ബാക്കി ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 2,79,113 രൂപ തടസ്സം ചെയ്യുന്നു. ഈ റിപ്പോർട്ട് കിട്ടിയാലുടൻ അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-10 SC വികലാംഗർക്ക് മുച്ചക്ര വാഹനം - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - SCDO

പ്രൊജക്ട് നം - 14/17

ബിൽ നം - 2/31.12.16

തുക - 7,64,500 (69500x11)

പദ്ധതി പ്രകാരം കെൽട്രോൺ , കുറ്റിപ്പുറത്തിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച 11 സ്കൂട്ടർ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകി. (Bill No.0013/16-17 Dtd.14.11.16). ഗുണഭോക്താക്കൾ 20.12.16 ന് സ്കൂട്ടർ കൈപ്പറ്റിയതായി രേഖകളിൽ കാണുന്നു.

സ.ഉ (എം.എസ്) നം.4/2016/ത.സ്വ.ഭ.വ തി. 11.1.16 ഖണ്ഡിക 5.3(6) പ്രകാരം സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ അനുവദിക്കണമെങ്കിൽ ഗുണഭോക്താവ് 40% ലേറെ വൈകല്യമുള്ള വ്യക്തിയാണെങ്കിൽ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും 50000 രൂപയിൽ താഴെ വാർഷിക കുടുംബവരുമാനമുള്ള കുടുംബത്തിലെ അംഗമാകണമെന്നും 10 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച വ്യക്തിയാവരുത് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച താഴെ പറയുന്ന ഗുണഭോകാതാക്കൾക്ക് മുൻവർഷങ്ങളിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്കൂട്ടർ ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ടി ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അർഹരല്ല. അനർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച സ്കൂട്ടറിന്റെ വില 208500 രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ ലൈസൻസ് ഇല്ലാത്തതിനാൽ 6 ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക 417000 രൂപ തടസ്സം ചെയ്യുന്നു.

| ക്രമ നം | ഗുണഭോക്താവ് | റിമാർക്സ് |
|---|---|---|
| 1 | കൃഷ്ണൻ.ടി.പി<br>തേവർകളത്തിൽ,ആലങ്കോട് (പി.ഒ) | ആലങ്കോട് ഗ്ര.പ സെക്രട്ടറിയുടെ 7.1.17 ലെ എ2-2570/16 കത്ത് പ്രകാരം, ഗുണഭോക്താവിന് 2006-07 വർഷത്തിൽ മുച്ചക്രവാഹനം അനുവദിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. |
| 2 | അപ്പുക്കുട്ടൻ<br>കോട്ടിൽപടി,ഒതളൂർ (പി.ഒ) | ആലങ്കോട് ഗ്ര.പ സെക്രട്ടറിയുടെ 7.1.17 ലെ എ2-2570/16 കത്ത് പ്രകാരം, ഗുണഭോക്താവിന് 2008-09 വർഷത്തിൽ മുച്ചക്രവാഹനം അനുവദിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. |
| 3 | മണികണ്ഠൻ. എം.കെ<br>മണ്ണാർപറമ്പിൽ, ആലങ്കോട് (പി.ഒ) | ആലങ്കോട് ഗ്ര.പ സെക്രട്ടറിയുടെ 7.1.17 ലെ എ2-2570/16 കത്ത് പ്രകാരം, ഗുണഭോക്താവിന് 2006-07 വർഷത്തിൽ മുച്ചക്രവാഹനം അനുവദിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. |

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സ്കൂട്ടർ ഗുണഭോക്താക്കൾക്ക് അനുവദിച്ചെങ്കിലും ഇവർക്ക്

ലൈസൻസ് ലഭിച്ചതായി കാണുന്നില്ല

| | |
|---|---|
| 1 | സൗമിനി,കരുവാട്ട് ഹൗസ് |
| 2 | കുഞ്ഞപ്പു,ആനറക്കൽ ഹൗസ് |
| 3 | വേലായുധൻ,കക്കാട്ടുപറമ്പിൽ |
| 4 | അപ്പുക്കുട്ടൻ,കോട്ടിൽപടി |
| 5 | ചന്ദ്രൻ,എളേപറമ്പിൽ |
| 6 | സന്തോഷ്,കരുമത്തിൽപടി |
| 7 | ഷൈനി,ആനറക്കൽ ഹൗസ് |

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY No. 7/9.11.17)

## 3-11 തിയ്യത്ത് കുന്നത്ത് കോളനിയിൽ ചുറ്റമതിൽ - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

തിയ്യത്ത് SC കോളനി ചുറ്റമതിൽ നിർമ്മാണം

പ്രൊജക്ട് നം - SO045/17

കരാറുകാരൻ - കുമാരൻ. പി.എസ്

കരാർ - 04/AEE/LSGD/PDP/16-17 dtd 7.12.16 (1101468)

M Book – 40/2016-17

മൂല്യനിർണ്ണയം - 1090350

ബിൽ നം - 5/23.1.17 – 165599

8/8.2.17 – 817454

15/25.2.17- 107297

പദ്ധതി പ്രകാരം നന്നം മുക്ക് ഗ്രാമ പഞ്ചായത്തിലെ തിയ്യത്ത് കുന്നത്ത് കോളനിയിൽ ചുറ്റമതിൽ കെട്ടുന്നു. 210 മീറ്ററോളം നീളത്തിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തി DR കെട്ടി മുകളിൽ 1:2:4 സിമെന്റ് കോൺക്രീറ്റ് ഉപയോഗിച്ച് ബെൽറ്റ് നിർമ്മിക്കുകയും അതിന് മുകളിൽ സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് സൂപ്പർ സ്റ്റ്രക്ചർ കെട്ടുകയും ചെയ്യുന്നു. 22.11.17 ന് പ്രവൃത്തി ചെയ്ത സ്ഥല പരിശോധന നടത്തിയതിൽ തെക്കേ ഭാഗത്ത് 3 മീറ്ററോളം നീളത്തിൽ DR ന് മുകളിൽ 1:2:4 സിമെന്റ് കോൺക്രീറ്റ് ഉപയോഗിച്ച് ബെൽറ്റ് നിർമ്മിച്ചതായി കാണുന്നില്ല. കൂടാതെ പ്രവൃത്തിയിൽ താഴെ പറയും പ്രകാരം അപാകത കാണുന്നു.

1. കരാറുകാരൻ കുറഞ്ഞ നിരക്കാണ് സിമന്റ് കോൺക്രീറ്റിംഗിന് ക്വാട്ട് ചെയ്തിട്ടുള്ളത്. ഇത് പ്രകാരം ബെൽറ്റ് ചെയ്യാത്ത ഭാഗത്തിന് അനുവദിച്ച തുക അംഗീകരിക്കുന്നില്ല.

1:2:4 (20 mm) സിമെന്റ് കോൺക്രീറ്റ്

3 x 0.45 x 0.10 = 0.135 x684.99 = 92.47

2. പ്രസ്തുത ഭാഗത്ത് Centering & Shuttering നടത്തിയതിന് അനുവദിച്ച തുക

2 x 3 x 0.10 = 0.6 x 239/m3 = 143

3. ബെൽറ്റ് ചെയ്യാത്ത ഭാഗത്തിന് മുകളിൽ സോളിഡ് ബ്ലോക്ക് ചെയ്തതിനാലും ഈ ഭാഗത്തിന് അടിത്തറയില്ലാത്തതിനാലും സോളിഡ് ബ്ലോക്ക് ചെയ്തതിന്റെ ചെലവ് അംഗീകരിക്കുന്നില്ല.

3 x 0.20 x1.10 = 0.66 x 5182.43/m3 = 6841

എസ്റ്റിമേറ്റ് പ്രകാരം 1:2:4 സിമെന്റ് കോൺക്രീറ്റ് നിരക്ക് 7444.55/m3 ആണ്. എന്നാൽ കരാറുകാരൻ ടെണ്ടർ സമർപ്പിച്ച നിരക്ക് 684.99/m3 ആണ്. ഇത്തരമൊരു നിരക്ക് വച്ച് എങ്ങനെ കരാറുകാരന് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമല്ല.

എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് വച്ച് സിമെന്റ് കോൺക്രീറ്റിംഗിന് അനുവദനീയമായ തുക

37.327 m3 x 7444.55/m3 = 277882

കരാറുകാരൻ ടെണ്ടർ നിരക്ക് പ്രകാരം അനുവദിച്ച തുക

37.327 m3 x 684.99/m3 = 25569

വ്യത്യാസം

277882 – 25569 =2,52,313

ഇത്രയും തുകയുടെ വ്യത്യാസം കോൺക്രീറ്റിംഗിൽ കരാറുകാരൻ സഹിക്കുമ്പോൾ പ്രവൃത്തിയിൽ സിമെന്റ് കോൺക്രീറ്റിംഗിന്റെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതാണ്.

4. ചുറ്റുമതിലിന്റെ പല ഭാഗങ്ങളിലും പൊട്ടൽ സംഭവിച്ചിട്ടുണ്ട്. മാത്രമല്ല ചുറ്റുമതിലിന്റെ പല ഭാഗങ്ങളിൽ സോളിഡ് ബ്ലോക്ക് ചെയ്തത് DR ചെയ്തതിനേക്കാൾ അധികരിച്ച് നിൽക്കുന്നതായി കണ്ടു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും 7076 രൂപ തിരിച്ചടക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ( AUDIT ENQUIRY No. 12/23.11.17)

## 3-12 ONV സ്മാരക കോൺഫറൻസ് ഹാൾ നവീകരണം - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം - SO031/17

കരാറുകാരൻ - DAVOOD CHAKEERI SPICE GROUP

കരാർ - 02/AEE/LSGD/PDP/16-17 dtd 24.11.16

M Book – 49/2016-17

മൂല്യനിർണ്ണയം - 345797 (314733+31064 ST)

ബിൽ നം - 9/8.2.17 – 345797

താഴെ പറയുന്ന രേഖകൾ പ്രകാരം പ്രവൃത്തിക്ക് വേണ്ടി ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് SPICE GROUP എന്ന കമ്പനിയുടെ പേരിലാണ്.

1. VAT രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

2. Service tax സർട്ടിഫിക്കറ്റ് (Central Board of Excise and Costoms)

3.Tender

പ്രവൃത്തിയുടെ ഫൈനൽ ബിൽ

മൂല്യനിർണ്ണയം - 345797 (314733+31064 ST)

(-) VAT - 12589

(-) IT - 3147

(-)Kcwf - 3147

326914

പ്രവൃത്തിയിൽ IT ഇനത്തിൽ ഈടാക്കേണ്ട തുക 6294 (314733 x2%) ആണ്. എന്നാൽ പ്രവൃത്തിയിൽ ഈടാക്കി അടവാക്കിയിട്ടുള്ളത് 3147 രൂപ.

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ( AUDIT ENQUIRY No. 13/23.11.17)

## 3-13 ആലാപ്പുറം പട്ടിശ്ശേരി വെമ്പുഴ സംയുക്ത കോൾ പടവ് പമ്പ് ഹൗസ് നിർമ്മാണം - ഗുണഭോക്തൃ വിഹിതം തിരിച്ചു നൽകിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രൊജക്ട് നം - SO042/17

കരാറുകാരൻ - Anil kumar .PK

കരാർ - 01/AEE/LSGD/PDP/16-17 dtd 23.11.16

M Book – 65/2016-17

മൂല്യനിർണ്ണയം - 734345 (667586 (Plan fund)+66759 (BC))

ബിൽ നം - 18/1.3.17 – 734345

പ്രവൃത്തിക്ക് വേണ്ടി ഗുണഭോക്തൃ വിഹിതമിനത്തിൽ 93900 രൂപ പിരിച്ചെടുക്കുകയും ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ (Rt No.11602100009/26.10.16) നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. . എന്നാൽ പ്രവൃത്തിയിൽ ചെലവഴിച്ചിട്ടുള്ളത് 66759 രൂപ. 27141 രൂപ ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 84,47,343 | ഐ.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | 11,21,780 | 73,25,593 |
| ഗ്രാമപഞ്ചായത്തുകൾ | 1,88,70,903 | ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 47,52,575 | 1,41,18,321 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| പി ഡബ്ല്യൂ ഡി (ഇലട്രോണിക്സ് ഡിവിഷൻ) | ഒ.എൻ.വി സ്മാരക കോൺഫറൻസ് ഹാളിൽ സൗകര്യമൊരുക്കൽ | 0 | 1,12,000 | 1,12,000 | പൂർത്തീകരിച്ചു | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

1)ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

2) ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പാതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | മുതൽ& പലിശ | |
| ഐ.എ.വൈ ഗുണഭോക്തൃ | ബി.456/13 തിയ്യതി.13/02/2016 | 58,29,000 | 20,24,789 | 2080500 | 11,60,426 |

| | | | | | | |
|---|---|---|---|---|---|---|
| അധിക വിഹിതം - ഭവനപദ്ധതി (സംസ്ഥാന വിഹിതം) | | | | | | |

2017-18 സാമ്പത്തിക വർഷത്തിൽ (ഓഡിറ്റ് തിയ്യതിക്കകം) ടി ലോൺ തുക പൂർണമായും തിരിച്ചടച്ച് ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| 2017-18 ൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2017-18 ൽ തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| | മുതൽ & പലിശ | | |
| 11,60,426 | 28.04.2017 | 1,87,874 | 972552 |
| 972552 | 03.11.2017 | 972552 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓ.റി വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 2.18 | 06-07 | 3.71.6 | മുൻക്കൂർ കൈപറ്റി പണി പൂർത്തീകരിച്ചില്ല<br>പമ്പ് ഹൗസ് നിർമ്മാണം Rs 50000 | നടപടിതുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1998-99 | 2.10<br>2.14(2) | 06-7 | 3.71.7 | ഡെപ്പോസിറ്റ്പ്രവർത്തി (നിർമ്മിതി കേന്ദ്രം) വിനിയോഗ വിവരം ലഭ്യമല്ല.<br>564000+105000 | |
| 1998-99 | 2.14(1) | 06-07 | 3.71 . 7 | ഡെപ്പോസിറ്റ് KSEB 79250 | |
| 2003-04 | 3(4) | 07-08 | 3.1 | വൈദ്യുദീകരണം നടത്താത്തതിനാൽ കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻബാക്കി ഉൾപ്പടെ) | 11,63,84,353 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,24,11,598 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം. ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,18,176 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,22,113 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക.നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-6 | - | 2600 | ശ്രീമതി.സിന്ധു ആർ<br>ശിശു വികസന പദ്ധതി ഓഫീസർ (സി.ഡി.പി.ഒ) |
| 3-10 | | 208500 | ശ്രീമതി. സിനി ടി ഡി<br>പട്ടിക ജാതി വികസന ഓഫീസർ |
| 3-11 | | 7076 | ശ്രീ. വാസു ടി പി<br>അസി. എക്സി.എഞ്ചിനിയർ |
| | | 2,18,176 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10,65,000 | ശ്രീ.ജോസ് കെ വി<br>സെക്രട്ടറി |
| 3-3 | 19,41,000 | ശ്രീ. ചന്ദ്രൻ കെ<br>അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |
| 3-7 | 20,000 | ശ്രീമതി.സിന്ധു ആർ<br>ശിശു വികസന പദ്ധതി ഓഫീസർ(സി.ഡി.പി.ഒ) |
| 3-8 | 2,00,000 | ശ്രീമതി.സിന്ധു ആർ<br>ശിശു വികസന പദ്ധതി ഓഫീസർ(സി.ഡി.പി.ഒ) |
| 3-9 | 279113 | ഡോ.സുനിൽ ലാൽ കാഞ്ഞിരത്തിങ്കൽ<br>മെഡിക്കൽ ഓഫീസർ (സി എച്ച് സി) |
| 3-10 | 417000 | ശ്രീമതി. സിനി ടി ഡി<br>പട്ടിക ജാതി വികസന ഓഫീസർ |
| ആകെ | 37,22,113 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-12 – ആദായ നികുതി 3147 ശ്രീ. വാസു ടി പി, അസി. എക്സി.എഞ്ചിനിയർ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വാസു ടി പി<br>അസി. എക്സിക്യൂട്ടീവ് എൻജിനീയർ | അസി. എക്സിക്യൂട്ടീവ് എൻജിനീയർ<br>എൽ.എസ്.ജി.ഡി സബ് ഡിവിഷൻ<br>പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് | തണ്ടപറമ്പിൽ ഹൗസ്<br>പോത്തന്നൂർ പി ഒ,<br>പലകപ്പാറ |
| ശ്രീമതി.സിന്ധു ആർ<br>ശിശു വികസന പദ്ധതി ഓഫീസർ(സി.ഡി.പി.ഒ) | സി.ഡി.പി.ഒ<br>ഐ.സി.ഡി. എസ് മുഖത്തല<br>കൊല്ലം | ശ്രീലകം, ശിവ് നഗർ-36<br>പൂന്തലത്താഴം,കൊല്ലം |
| ശ്രീമതി. സിനി ടി ഡി<br>പട്ടിക ജാതി വികസന ഓഫീസർ | - | അരിമ്പൂർ ഹൗസ്<br>പി ഒ – കണ്ടല്ലൂർ,തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിയതിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽഎഫ്.എം 12/73/01 തിയതി 12.5.2014 | 4 |
| 1998-99 | എൽഎഫ്.എം 4/1567/05 തിയതി 7.6.2006 | 8 |
| 1999-00 | എൽഎഫ്.എം 9/190/06 തിയതി 7.06.2006 | 7 |
| 2000-01 | എൽഎഫ്.എം 10/966/07 തിയതി22.1.2008 | 4 |
| 2002-03 | എൽഎഫ്.എം 10/968/07 തിയതി22.1.2008 | 4 |
| 2003-04 | എൽഎഫ്.എം 10/969/07 തിയതി19.1.2007 | 5 |
| 2004-05 | എൽഎഫ്.എം 10/970/07 തിയതി16.10.2007 | 2 |
| 2005-06 | എൽഎഫ്.എം 10/971/07 തിയതി25.10.2007 | 6 |
| 2006-07 | എൽഎഫ്.എം 15/486/10 തിയതി5.7.2010 | 4 |
| 2007-08 | എൽഎഫ്.എം 15/487/10 തിയതി11.6.2010 | 8 |
| 2008-09 | എൽഎഫ്.എം 4/1077/13 തിയതി6.2.14 | 4 |
| 2009-10 | എൽഎഫ്.എം 4/517/12 തിയതി.12.4.12 | 5 |
| 2010-11<br>2012-13 | എൽഎഫ്.എം 4/1371/2014 തിയതി20.10.14 | 15 |
| 2013-14 | എൽഎഫ്.എം 4/283/2015 തിയതി25.2.15 | 9 |
| 2014-15 | കെ.എസ്.എ.എം.പി.എം.8/2736/15 തിയതി :27-11-2015 | 9 |
| 2015-16 | നം.െക.എസ്.എ.എം.പി.എം.8/684/2017 തിയതി :22-03-2017 | 11 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

## അനുബന്ധം -1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.8/2488/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി: 29-11-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം

## അനുബന്ധം -2

# AUDIT CERTIFICATE

No.KSA/MPM/8/2488/2017

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 29-11-2017

Certified that I have audited the Annual Financial Statement of Perumbadappa Block panchayath in Malappuram District of the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Perumpadppa Block panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Senior Deputy Director
State Audit Department
Malappuram